File No C4/18/2018/Hc

**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **192**

23.01.2018 ൽ
മറുപടിയ്ക്ക്

## കരുനാഗപ്പള്ളിയിൽ കോടതി കോംപ്ലക്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളിയിലുള്ള വിവിധ കോടതികൾ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നതു മൂലം പൊതുജനങ്ങൾക്കും വക്കീലന്മാർക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;<br>(ബി) കരുനാഗപ്പള്ളിയിൽ കോടതി കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ആയത് സംബന്ധിച്ച നിർദ്ദേശം ബഹു. ഹൈക്കോടതിയിൽ നിന്ന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ; | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാൻ ഉതകും വിധം, കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. തഴവ ഗ്രാമപഞ്ചായത്ത് 39.56 ആർ സ്ഥലം നൽകുവാൻ തയ്യാറാണെന്നും ആയതിനാൽ ടി സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കൈവശത്തിലുള്ള ടി സ്ഥലം കരുനാഗപ്പള്ളി കോടതി സമുച്ചയം സ്ഥാപിക്കുന്നതിന് വിട്ടു കിട്ടുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരികയാണ്. |
| (സി) ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കരുനാഗപ്പള്ളി വില്ലേജിലെ ബ്ലോക്ക് നമ്പർ 10 ൽ റീസർവ്വേ 582/11 ൽ ഉൾപ്പെട്ടു വരുന്ന സ്ഥലം ഇതിനായി ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (സി) കരുനാഗപ്പള്ളി വില്ലേജിലെ ബ്ലോക്ക് നമ്പർ.10 ൽ റീ സർവ്വേ നമ്പർ.582/11 ഉൾപ്പെട്ട സ്ഥലം കോടതി സമുച്ചയം സ്ഥാപിക്കുവാൻ ലഭ്യമാക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമായി ആഭ്യന്തര വകുപ്പ് ആലോചിച്ചിരുന്നു. ടി സ്ഥലം സൈക്ലോൺ ഷെൽട്ടർ നിർമ്മിക്കുന്നതിനായി പരിഗണിച്ച് വരുകയാണെന്ന് റവന്യൂവകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ